പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം : 170** **26.09.2011-ൽ മറുപടിക്ക്.**

**നീതിന്യായ വകുപ്പിൽ പ്രവർത്തിക്കുന്നവർക്കെതിരെയുള്ള പരാതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. എസ്. സുനിൽ കുമാർ | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മന്ത്രിസഭാംഗങ്ങൾ, ഗവൺമെന്റ് ചീഫ് വിപ്പ് തുടങ്ങിയവരിൽ ആരെങ്കിലും ജഡ്ജി, മജിസ്ട്രേറ്റ് തുടങ്ങി നീതിന്യായ വകുപ്പിൽ പ്രവർത്തിക്കുന്ന ആർക്കെങ്കിലും എതിരായി ഇൻഡ്യൻ പ്രസിഡന്റ് സുപ്രീംകോടതി ചീഫ് ജസ്റ്റീസ് തുടങ്ങി ആർക്കെങ്കിലും പാമോയിൽ കേസുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള കത്തു നൽകിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; (ബി) എങ്കിൽ അത്തരത്തിൽ ഒരു കത്തു നൽകിയതാരാണ് ; കത്തിലെ സൂചന എന്തായിരുന്നു ; (സി) ഇത്തരത്തിൽ നൽകിയിട്ടുള്ള കത്തിനെക്കുറിച്ചുള്ള സർക്കാരിന്റെ അഭിപ്രായം എന്താണെന്നു വ്യക്തമാക്കുമോ ? | : (എ), (ബി) & (സി) പാമോലിൻ കേസുമായി ബന്ധപ്പെട്ട് അടുത്തകാലത്ത് വന്ന വിധിന്യായത്തിനെ ആസ്പദമാക്കി ഗവൺമെന്റ് ചീഫ് വിപ്പ് ഒരു കത്തയച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാരിന്റെ അറിവോടെയോ സമ്മതത്തോടെയോ അല്ല അദ്ദേഹം കത്തയച്ചത്. ഒരു പൗരനെന്ന നിലയിലുള്ള അവകാശത്തിന്റെ അടിസ്ഥാനത്തിലാണ് കത്തയച്ചതെന്ന് അദ്ദേഹം തന്നെ വ്യക്തമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ